# നിങ്ങളുടെ വാക്സിനുകൾക്ക് പണമടയ്ക്കുന്നത് സംബന്ധമായ ഗൈഡ്

## നിങ്ങളുടെ കുട്ടികൾക്കുള്ള വാക്സിനുകൾക്ക് പണമടയ്ക്കൽ

വാക്സിനുകളിലേക്കുള്ള ആക്സസ് എല്ലാ കുട്ടികൾക്കുമുണ്ട്. യോഗ്യതയുണ്ടെങ്കിൽ, Native Hawaiian Health Centers, Indian Health Service (IHS) എന്നിവ രോഗ പ്രതിരോധ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. ഫെഡറലി ക്വാളിഫൈഡ് ഹെൽത്ത് സെന്ററുകളിൽ (FQHC-കൾ) അല്ലെങ്കിൽ റൂറൽ ഹെൽത്ത് ക്ലിനിക്കുകളിൽ (RHC-കൾ) വാക്സിൻ ഫോർ ചിൽഡ്രൻ (VFC) പ്രോഗ്രാം ദാതാവ് നൽകുന്ന CDC-യുടെ ശുപാർശിത വാക്സിനുകളും കോവിഡ്-19 വാക്സിനും സൗജന്യമാണെങ്കിലും, നിങ്ങളുടെ ഡോക്ടർ വിസിറ്റിന് മറ്റ് ചെലവുകൾ ചുമത്തിയേക്കാം. [1]. CDC-യുടെ സാധാരണ ശുപാർശിത ശൈശവ വാക്സിനുകൾ സൗജന്യമായിരിക്കേണ്ടതാണ്.*

*പകർച്ചപ്പനിക്കും മറ്റുമുള്ള വാക്സിനുകൾ ചികിത്സാ ചെലവിന്റെ ഒരു വിഹിതമോ ഇൻഷൂറൻസ് കവറേജിന് പുറത്തുള്ള തുകയോ ചുമത്താതെ നിങ്ങളുടെ ആരോഗ്യ ഇൻഷൂറൻസിൽ ഉൾപ്പെടുത്തേണ്ടതാവശ്യമാണ്. [2]. VFC വാകിസിനുകൾ നൽകുന്നതിനുള്ള ഫീസ് നിങ്ങൾക്ക് നൽകാനാവില്ലെങ്കിൽ, നിങ്ങൾക്ക് പണമടയ്ക്കാനുള്ള ശേഷിയില്ലെന്ന് പറയാവുന്നതും അനന്തരം നിങ്ങളിൽ നിന്ന് അത് ഈടാക്കാതിരിക്കുകയും ചെയ്യും.

## മുതിർന്നവർക്കുള്ള വാക്സിനുകൾക്ക് പണമടയ്ക്കൽ

- **സ്വകാര്യ ആരോഗ്യ ഇൻഷൂറൻസ്**
  - നിയമ പ്രകാരം, നിങ്ങളുടെ ഇൻഷൂറൻസ് കമ്പനി യാതൊരു ചെലവും നിങ്ങളിൽ ചുമത്താതെ ശുപാർശിത വാക്സിനുകൾ കവർ ചെയ്യേണ്ടതാണ്. നിങ്ങളുടെ വാക്സിനുകൾ യാതൊരു വിലയും ഈടാക്കാതെ ലഭ്യമാക്കുന്നത് എവിടെയാണെന്ന് – ഒരു ഡോക്ടറുടെ ക്ലിനിക്കിലാണോ അതോ ഒരു നിശ്ചിത ഫാർമസിയിലാണോ എന്ന് ചോദിക്കാൻ നിങ്ങളുടെ ഇൻഷൂറൻസ് കമ്പനിയെ ബന്ധപ്പെടുക.
- **Medicaid**
  - മിക്ക സംസ്ഥാന Medicaid പ്ലാനുകളും ഏതാനും മുതിർന്നവർക്കുള്ള കുത്തിവയ്പ്പുകളെയെങ്കിലും കവർ ചെയ്യുമെങ്കിലും, എല്ലാ CDC ശുപാർശിത വാക്സിനുകളും സൗജന്യമാണെന്ന് ചിലർ വാഗ്ദാനം ചെയ്യണമെന്നില്ല.
  - നിങ്ങൾക്കാവശ്യമായ വാക്സി(നുകൾ)ൻ സൗജന്യമായിരിക്കുമോയെന്നും, ചികിത്സാ ചെലവിന്റെ ഒരു വിഹിതമോ ഇൻഷൂറൻസ് കവറേജിന് പുറത്തുള്ള തുകയോ വാക്സിൻ കുത്തിവയ്ക്കുന്നതിനുള്ള ഫീസോ (അതായത്, നൽകുന്ന ഓരോ ഡോസിനുമുള്ള ഫീസ്) കൂടി നിങ്ങൾ നൽകേണ്ടിവരുമോയെന്നും കണ്ടെത്തുന്നതിന് നിങ്ങളുടെ സംസ്ഥാന Medicaid ഏജൻസിയെ ബന്ധപ്പെടുക. വാക്സിനുകൾ നൽകേണ്ടത് ഒരു നിശ്ചിത ഡോക്ടറാണോ ഫാർമസിസ്റ്റാണോ അല്ലെങ്കിൽ ഉൾപ്പെടുത്തപ്പെടുന്ന മറ്റ് ആരോഗ്യപരിപാലന ദാതാവാണോയെന്നും അവരോട് ചോദിക്കുക.
- **Medicare**
  - പാർട്ട് ബി (മെഡിക്കൽ ഇൻഷൂറൻസ്) എന്നതിന് കീഴിൽ പകർച്ചപ്പനിക്കും ന്യൂമോണിയ വകഭേദങ്ങൾക്കുമുള്ള വാക്സിനുകൾ യാതൊരു ചെലവുമില്ലാതെ Medicare കവർ ചെയ്യുന്നു.
  - Medicare പാർട്ട് ഡി പ്ലാനുകൾ രോഗികൾക്ക് ചെറിയ ചെലവ് മുതൽ യാതൊരു ചെലവും ഇല്ലാത്തതുവരെയുള്ളവ കവർ ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ പാർട്ട് ഡി പ്ലാൻ ദാതാവിനെ ബന്ധപ്പെടുക.
- **ആരോഗ്യ ഇൻഷൂറൻസ് ഇല്ല**
  - വാക്സിനുകളുടെ മുഴുവൻ വിലയും, ചികിത്സാ ചെലവിന്റെ ഒരു ഓഫീസ് വിഹിതം, ഇൻഷൂറൻസ് കവറേജിന് പുറത്തുള്ള തുക, കൂടാതെ/അല്ലെങ്കിൽ ഒരു ഡോക്ടറുടെ ക്ലിനിക്കിലോ ആരോഗ്യ ക്ലിനിക്കിലോ ഫാർമസിയിലോ വെച്ച് വാക്സിൻ കുത്തിവയ്ക്കുന്നതിനുള്ള ഫീസ് (അതായത്, ഓരോ ഡോസും നൽകുന്നതിനുള്ള ഫീസ്) പോലുള്ള ബന്ധപ്പെട്ട ഏതെങ്കിലും ഫീസും നിങ്ങൾ മിക്കവാറും നൽകേണ്ടിവരും.

## വാക്സിനുകളുടെ ചെലവ് എനിക്ക് താങ്ങാനാവുന്നില്ലെങ്കിൽ എന്ത് ചെയ്യും?

- നിങ്ങൾക്കാവശ്യമായ വാക്സിനുകളുടെ ചെലവ് നിങ്ങൾക്ക് താങ്ങാനാവില്ലെങ്കിൽ, നിങ്ങളുടെ സംസ്ഥാന അല്ലെങ്കിൽ പ്രാദേശിക ആരോഗ്യ വകുപ്പിനെ നിങ്ങൾക്ക് ബന്ധപ്പെടാവുന്നതും സൗജന്യമായ അല്ലെങ്കിൽ ചെലവ് കുറഞ്ഞ മുതിർന്നവർക്കുള്ള വാക്സിനേഷനുകൾ വാഗ്ദാനം ചെയ്യുന്ന ഏതെങ്കിലും സംസ്ഥാന പ്രോഗ്രാമുകൾ അവർക്കറിയുമോയെന്ന് ചോദിക്കാവുന്നതുമാണ്. നിങ്ങൾക്ക് ഒരു FQHC-നെ, RHC-യെ, ഇന്ത്യൻ ഹെൽത്ത് സർവീസസ് സെന്ററിനെ, അല്ലെങ്കിൽ നിങ്ങളുടെ പ്രദേശത്തുള്ള നാറ്റീവ് ഹവായിയൻ സെന്ററുകളെ അവർ ചെലവ് കുറഞ്ഞ വാക്സിനുകൾ നൽകുന്നുണ്ടോയെന്ന് നോക്കുന്നതിന് ബന്ധപ്പെടാം, അല്ലെങ്കിൽ 1-800-CDC-INFO (1-800-232-4636) എന്നതിൽ CDC-യ്ക്ക് കോൾ ചെയ്യാം. നിങ്ങൾക്ക് വാക്സിനുകൾ നൽകുന്നതിന് ക്ലിനിക്കുകൾക്ക് നിങ്ങളെ ഒരു രോഗിയായി രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമായേക്കാം.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക
www.aa-nhpihealthresponse.org/ and www.vaccinateyourfamily.org/questions-about-vaccines/

*This publication was made possible by cooperative agreement CDC-RFA-IP21-2106 and CDC-RFA-IP18-1804 from the Centers for Disease Control and Prevention of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not necessarily represent the official views of CDC/HHS.*

[1] https://www.cdc.gov/vaccines/hcp/vis/vis-statements/flu.html
[2] https://www.hhs.gov/answers/affordable-care-act/will-the-aca-cover-my-flu-shot/index.html

# പകർച്ചപ്പനി വാക്സിനേഷനുള്ള ഗൈഡ്

## ഇൻഫ്ലുവൻസ എന്നാലെന്താണ്?

"പകർച്ചപ്പനി" എന്ന് പൊതുവെ അറിയപ്പെടുന്ന ഇൻഫ്ലുവൻസ ഏതാണ്ട് ഒക്ടോബർ മുതൽ മെയ് മാസം വരെ യുണൈറ്റഡ് സ്റ്റേറ്റ്സിൽ പൊതുവെ പടർന്നുപിടിക്കുന്ന സാംക്രമിക രോഗമാണ്. പകർച്ചപ്പനി ആർക്കും വരാം, എന്നാൽ ശിശുക്കളും കൊച്ചുകുട്ടികളും, 65 വയസും അതിൽ കൂടുതലും പ്രായമായ ആളുകൾ, ഗർഭിണികളായ സ്ത്രീകൾ, ചില ആരോഗ്യ സ്ഥിതികളിലുള്ള അല്ലെങ്കിൽ ഒരു ദുർബല പ്രതിരോധ സംവിധാനമുള്ള ആളുകൾ തുടങ്ങിയ ദുർബല ജനവിഭാഗങ്ങൾക്ക് ഇത് കൂടുതൽ ആപത്ക്കരമാണ്.

## എന്തുകൊണ്ട് വാക്സിൻ എടുക്കണം?

യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഓരോ വർഷവും ആയിരക്കണക്കിന് ആളുകൾ പകർച്ചപ്പനി മൂലം മരിക്കുകയും അതിലുമേറെ പേർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പകർച്ചപ്പനി വാക്സിൻ ഓരോ വർഷവും ദശലക്ഷക്കണക്കിന് രോഗങ്ങളെയും പകർച്ചപ്പനി സംബന്ധമായി ഡോക്ടറുടെ അടുത്തേക്കുള്ള സന്ദർശനങ്ങളെയും തടയുന്നുണ്ട്.

## ആരൊക്കെ വാക്സിൻ എടുക്കണം?

പകർച്ചപ്പനി വാക്സിൻ എല്ലാവരും എടുക്കേണ്ടതാണ്. ഓരോ പകർച്ചപ്പനി സീസണിലും 6 മാസം പ്രായമായവർ മുതലുള്ള സർവരും വാക്സിൻ എടുക്കണമെന്നാണ് രോഗ നിയന്ത്രണ, പ്രതിരോധ കേന്ദ്രങ്ങൾ (CDC) ശുപാർശ ചെയ്യുന്നത്.

## കോവിഡ്-19 വാക്സിനോടൊപ്പം മറ്റ് വാക്സിനുകളും എനിക്ക് എടുക്കാനാകുമോ?

- ഇപ്പോൾ കോവിഡ്-19 വാക്സിനുകളും മറ്റ് വാക്സിനുകളും സമയക്രമം നോക്കാതെ എടുക്കാവുന്നതാണ്. ഒരേ ദിവസം അല്ലെങ്കിൽ 14 ദിവസങ്ങൾക്കുള്ളിൽ കോവിഡ്-19 വാക്സിനും മറ്റ് വാക്സിനുകളും ഒരേ സമയം എടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു.[3]

## പകർച്ചപ്പനി വാക്സിനിൽ നിന്ന് എനിക്ക് പകർച്ചപ്പനി പിടിപെടുമോ?

- ഇല്ല, നിങ്ങൾക്ക് പകർച്ചപ്പനി പകർത്താൻ പകർച്ചപ്പനി വാക്സിനുകൾക്ക് കഴിയില്ല.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക

www.aa-nhpihealthresponse.org/ and www.vaccinateyourfamily.org/questions-about-vaccines/

*This publication was made possible by cooperative agreement CDC-RFA-IP21-2106 and CDC-RFA-IP18-1804 from the Centers for Disease Control and Prevention of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not necessarily represent the official views of CDC/HHS.*

[3] രോഗ നിയന്ത്രണ, പ്രതിരോധ കേന്ദ്രങ്ങൾ. (2021 ജൂലൈ 16). *കോവിഡ്-19 വാക്സിനുക*ളുടെ ഉപയോഗത്തിനുള്ള ഇടക്കാല ക്ലിനിക്കൽ പരിഗണനകൾ. രോഗ നിയന്ത്രണ, പ്രതിരോധ കേന്ദ്രങ്ങൾ.
https://www.cdc.gov/vaccines/covid-19/clinical-considerations/covid-19-vaccines-us.html?CDC_AA_refVal=https%3A%2F%2Fwww.cdc.gov%2Fvac cines%2Fcovid-19%2Finfo-by-product%2Fclinical-considerations.html#Coadministration.